എസ്.ഐ.കെ. അനിരുദ്ധൻ പി.സി. നമ്പർ 1169, 1379, 1152 ഡ്രൈവർ എച്ച്.സി. 1709 എന്നിവർക്കും പരിക്കേറ്റു. ആയതിന് കാഞ്ഞാർ പി.എസിൽ ക്രൈം 155/96 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 10-9-1996-ൽ ടി കേസ് തൊടുപുഴ ജെ.എഫ്.എം.സി. II-ൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

2. 18-10-1998-ൽ ഓങ്കല്ലൂർ എന്ന സ്ഥലത്തു വച്ച് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിക്ക് പൈലറ്റ് ഡ്യൂട്ടിക്ക് പോയ ഷൊർണ്ണൂർ പി.എസിലെ കെ.സി.വി 1285 എന്ന ജീപ്പ് കെ.എൻ. 9/ബി 6236-ാം നമ്പർ ആട്ടോറിക്ഷയുമായി ഇടിച്ചതിൽ ജീപ്പിന് കേടുപറ്റിയത് സംബന്ധിച്ച് പട്ടാമ്പി പി.എസ് ക്രൈം 410/9820/ എസ് 279 ഐ.പി.സി ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നിഷേധിച്ച സംഭവം

21(21) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും രോഗചികിത്സയ്ക്ക് നേരിടേണ്ടി വരുന്ന ചെലവ് റീ-ഇംപേഴ്സ് ചെയ്തു കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെങ്കിലും മന്ത്രിമാരുടെയോ, ചീഫ് വിപ്പിന്റേയോ പ്രതിപക്ഷ നേതാവിന്റെയോ പേഴ്സണൽ സ്റ്റാഫിലുള്ളവർ അവരുടെ ആശ്രിതരുടെ ചികിത്സക്കുവേണ്ടി ചെലവു ചെയ്ത തുക റീ-ഇംപേഴ്സ് ചെയ്തു കിട്ടുന്നതിന് നൽകിയ ക്ലെയിം ടൈം ബാർഡ് എന്ന് പറഞ്ഞ് തള്ളിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ആരുതന്ന ക്ലെയിം ആണ് അപ്രകാരം തള്ളിക്കളഞ്ഞത് ; എന്തടിസ്ഥാനത്തിലാണ് പ്രസ്തുത ക്ലെയിം ടൈം ബാർഡ് ആണെന്ന് തീരുമാനിച്ചത് ;

(ഡി) പ്രസ്തുത ക്ലെയിം ടൈം ബാർഡ് ആണെന്ന് തീരുമാനിക്കുന്നതിന് മുമ്പ് ക്ലെയിം സമർപ്പിച്ചയാളിനോട് അത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം തേടിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ക്ലെയിം ടൈം ബാർഡ് ആണെന്ന് ഏതു ലെവലിൽ ആരാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിപക്ഷ നേതാവിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. ഗോപാലകൃഷ്ണൻ ആശാരി നൽകിയ പ്ലെയിമാണ്. 20-8-1990 ലെ ജി.ഒ.(പി.) 163/90/ എച്ച് ആന്റ് എഫ് ഡബ്ല്യൂ ഡി എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് നിരസിച്ചത്.

(ഡി) നിലവിലുള്ള നിയമങ്ങളനുസരിച്ച് പ്ലെയിം അനുവദനീയമല്ലായിരുന്നു. അതുകൊണ്ട് വിശദീകരണം തേടിയില്ല.

(ഇ) സർക്കാർ തലത്തിലാണ് അപേക്ഷയിൽ തീരുമാനമെടുത്തത്.

ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം

22(22) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് കർശനമായി നിർദ്ദേശം നൽകുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒന്നിലധികം വിദേശയാത്ര നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവരുടെ യാത്രയുടെ വിവരവും അതിനുവേണ്ടിവന്ന ചെലവും എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1-1-2000-ലെ സ.ഉ.(പി) നമ്പർ: 6/2000/ ധന.പ്രകാരം സംസ്ഥാന ഉദ്യോഗസ്ഥരുടെ വിദേശയാത്ര കർശനമായി നിരോധിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകാവുന്നതാണ്.

മന്ത്രിമാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് ചെലവായ തുക

23(23) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ ഇതുവരെ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly